**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1849** **20-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസിലെ മെമ്മറി കാർഡ് കാണാതായ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മേയറും കെ.എസ്.ആർ.ടി.സി. ബസ് ഡ്രൈവറുമായുള്ള തർക്കത്തെ തുടർന്ന് ബസ്സിലെ സി.സി.ടി.വി.യുടെ മെമ്മറി കാർഡ് കാണാതായ സംഭവത്തിൽ കെ.എസ്.ആർ.ടി.സി. അന്വേഷണം നടത്തിയിട്ടുണ്ടോ; മെമ്മറി കാർഡ് കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | പരാമർശവിഷയത്തിലെ സംഭവത്തിന് ശേഷം ബസ്സിലെ CCTV ദൃശ്യങ്ങളടങ്ങിയ മെമ്മറി കാർഡ് കാണാതായി എന്ന ആരോപണം പരിശോധിക്കുകയും, വകുപ്പ്തല നടപടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>മെമ്മറി കാർഡ് നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് 01.05.2024-ന് തമ്പാനൂർ പോലീസ് സ്റ്റേഷനിൽ FIR No. 416/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്മേൽ അന്വേഷണം നടന്നു വരുന്നു. പോലീസ് വകുപ്പിന്റെയും, ഫോറൻസിക് വകുപ്പിന്റെയും അന്വേഷണം പൂർത്തീകരിച്ച് ലഭിക്കുന്ന അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ബസ്സുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ ഉൾപ്പെടെയുള്ളവയുടെ പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥർ ആരാണ്; മെമ്മറി കാർഡ് നഷ്ടപ്പെട്ടത് സംബന്ധിച്ച് ചുമതലപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ബസ്സിലെ ദൃശ്യങ്ങൾ വീണ്ടെടുക്കുവാൻ സാധ്യതയുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ബസ്സുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ ഉൾപ്പെടെയുള്ളവയുടെ പരിപാലന ചുമതല അതാത് യൂണിറ്റ്തല ഓഫീസർമാർക്കാണ് ടി വിഷയവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ നടപടി, സ്വീകരിച്ചിട്ടില്ല, പോലീസിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് സ്വീകരിക്കുന്നതാണ്.<br><br>ബസിൽ ഘടിപ്പിച്ചിട്ടുള്ള CCTV ക്യാമറയിലെ ദൃശ്യങ്ങൾ മെമ്മറി കാർഡിൽ മാത്രമാണ് ശേഖരിക്കുന്നത്. മെമ്മറി കാർഡ് ലഭിച്ചാൽ മാത്രമേ ദൃശ്യങ്ങൾ വീണ്ടെടുക്കുന്നതിനുള്ള സാധ്യതയെ പറ്റി പരിശോധിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ